**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2478** **11.10.2011- ൽ മറുപടിക്ക്**

**തകർന്ന റോഡുകളുടെ പുനരുദ്ധാരണം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. തോമസ് ചാണ്ടി** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി)** |
| (എ) | റവന്യൂ വകുപ്പിന് കീഴിൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി ലഭ്യമായിട്ടും പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) | വിശദ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുമതി ലഭ്യമായ പ്രവർത്തികൾ നടപ്പിലാക്കുന്നത് നിർത്തിവയ്ക്കുന്നതിന് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | അപ്രകാരം ഒരു നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളും ഒരു വർഷം കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ലാത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, 24.05.2011 ന് മുമ്പ് പുനരുദ്ധാരണ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതും കാലാവധി കഴിഞ്ഞതുമായ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതില്ല എന്ന് സ.ഉ(ആർ.റ്റി)നം.3120/2011/ഡി.എം.ഡി തീയതി.14.07.2011 പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | കുട്ടനാട്ടിൽ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച പ്രവർത്തികളെങ്കിലും അടിയന്തിരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം ഭരണാനുമതി നൽകുന്ന റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ഭരണാനുമതി നൽകിയ തീയതി മുതൽ ഒരു വർഷത്തിനകം പൂർത്തിയാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള മാനദണ്ഡ പ്രകാരം പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്.